## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5542** **02.07.2014**-ൽ മറുപടിക്ക്

## 'കമ്പ്യൂട്ടർ ശൃംഖലാ ബന്ധിത ചികിത്സാ കേന്ദ്രങ്ങൾ'

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.എ.മാധവൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിന് കീഴിലുള്ള ചികിത്സാ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളെയും മെഡിക്കൽ കോളേജുകളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന 'ഇ-ഹെൽത്ത് കേരള' പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കാനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ ജനങ്ങളേയും സംബന്ധിക്കുന്ന ഒരു ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡ് സൃഷ്ടിക്കുക, മുഴുവൻ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുക, വകുപ്പിലെ ജീവനക്കാരുടെ സേവന സംബന്ധമായ വിവരങ്ങൾ മറ്റു ഭരണപരമായ കാര്യങ്ങൾ എന്നിവ കമ്പ്യൂട്ടർ വൽക്കരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (സി) | പ്രസ്തുത കേന്ദ്ര പദ്ധതി എങ്ങിനെയാണ് സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപവൽക്കരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | തിനും നിയന്ത്രിക്കുന്നതിനുമായി ഒരു ഹൈലെവൽ ഗവേണിംഗ് കമ്മിറ്റിയും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഡോക്ടർമാർ, മറ്റ് സാങ്കേതിക വിദഗ്ദർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്ന വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഓരോ ലെയ്സൺ ഓഫീസറെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിലുള്ള ടെണ്ടർ നടപടി അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ 10 സ്ഥാപനങ്ങളിൽ ഈ പദ്ധതി പൈലറ്റ് ചെയ്യുകയും തുടർന്ന് തിരുവനന്തപുരം ഉൾപ്പെടെയുള്ള 7 ജില്ലകളിൽ ഒന്നാംഘട്ടമായും ബാക്കി ജില്ലകൾ രണ്ടാം ഘട്ടമായും നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഹാർഡ്‌വെയർ, കണക്ടിവിറ്റി സൗകര്യം വിലയിരുത്തുന്നതിനായി കെൽട്രോൺ മുഖേന സർവ്വേ നടന്നുകൊണ്ടിരിക്കുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പിനായി ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഈ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതിയുടെ ഭാഗമായി മാത്രമേ ഏർപ്പെടുത്തുകയുള്ളൂ. |

സെക്ഷൻ ഓഫീസർ